(സി) അന്താരാഷ്ട്ര വിപണിയിൽ എൽ.എൻ.ജി.-യുടെ വില താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തും എൽ.എൻ.ജി.-ക്ക് ആനുപാതികമായി വിലകുറച്ച് വിൽക്കുവാൻ സാധിച്ചിട്ടുണ്ട്. ഉദാഹരണമായി ആഗോള വിപണിയിൽ എൽ.എൻ.ജി.-യുടെ വില ഉയർന്നുനിന്നപ്പോൾ FACT-ക്ക് 21 USD/MMBTU നിരക്കിൽ ഗെയിൽ നൽകിയിരുന്ന പ്രകൃതിവാതകം വിപണിവില താഴ്ന്നതോടുകൂടി ഇപ്പോൾ 10.75 USD/MMBTU എന്ന നിരക്കിലാണ് നൽകിവരുന്നത്.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക

173 (4755) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിലും ഡയറക്ടറേറ്റിലും ജില്ലാ കേന്ദ്രങ്ങളിലുമായി എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്(സ്റ്റെനോഗ്രാഫർ)തസ്തികകളുടെ ഒഴിവുണ്ട് ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്ന രീതി എങ്ങനെയാണ്; എന്തെല്ലാം യോഗ്യതയാണ് ഇതിന് നിഷ്കർഷിച്ചിരിക്കുന്നത് ;

(സി) സർക്കാർ സർവ്വീസിൽ നിലവിൽ ജോലി ചെയ്യുവരുന്ന യോഗ്യതയുള്ള ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സ്റ്റെനോഗ്രാഫർ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്ന ജി.ഒ.(എംഎസ്.) നമ്പർ :288/71/ പി.ഡി. തീയതി 1-9-1971 എന്ന ഉത്തരവ് ഈ വകുപ്പിന് ബാധകമാണോയെന്ന് വെളിപ്പെടുത്താമോ ;

(ഡി) ടൈപ്പിസ്റ്റുമാർക്ക് ആർക്കെങ്കിലും ഈ ഉത്തരവിൻ പ്രകാരം നിയമനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പേരുവിവരം വെളിപ്പെടുത്താമോ ;

(ഇ) നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി നിയമനത്തിന് ടൈപ്പിസ്റ്റുമാർ അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിൽ ഡയറക്ടറേറ്റിലും ജില്ലാ കേന്ദ്രങ്ങളിലുമായി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സ്റ്റെനോഗ്രാഫർ) തസ്തികയിൽ എട്ട് ഒഴിവുകളുണ്ട്. അതിൽ മൂന്ന് ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 1:1 എന്ന അനുപാതത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടും, വകുപ്പിൽ യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്നും സ.ഉ.(എംഎസ്.) നമ്പർ 288/71/പി.ഡി. തീയതി 1-9-1971 ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം മുഖേനയും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതകൾ :

എസ്.എസ്.എൽ.സി., ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് & മലയാളം (ഹയർ), ഷോർട്ട് ഹാന്റ് ഇംഗ്ലീഷ് & മലയാളം (ലോവർ)

(സി) ബാധകമാണ്.

(ഡി) താഴെപ്പറയുന്ന അഞ്ചുപേർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

1. ശ്രീ. എൻ. ജനാർദ്ദനപിഷാരടി
2. ശ്രീമതി സി. സരോമി
3. ശ്രീമതി എം. ശകുന്തള
4. ശ്രീമതി സുലോചന
5. ശ്രീ. എൻ. ബാലൻ

(ഇ) താഴെപ്പറയുന്നവർ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ അപേക്ഷ നൽകിയിട്ടുണ്ട്.

1. ശ്രീമതി ആതിര, ജി.
2. ശ്രീമതി സന്ധ്യ, പി.വി.
3. ശ്രീമതി സിമി, എസ്.കെ.
4. ശ്രീമതി കൊച്ചുമാൾ, എം.

ഹാന്റിക്രാഫ്റ്റ്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ജീവനക്കാരുടെ വിദ്യാഭ്യാസയോഗ്യത

174 (4756) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ മാനേജീരിയൽ തസ്തികയിൽ ജോലി ചെയ്യുവരുന്നവർക്ക് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ എം.ഡി.ജി.എം. എന്നീ തസ്തികകളിൽ ജോലി ചെയ്യുവരുന്നവരുടെ വിദ്യാഭ്യാസ യോഗ്യത വിശദമാക്കുമോ ;

(സി) ഇവരുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് എന്തെങ്കിലും പരാതികൾ നിലവിലുണ്ടോ ?